**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3590** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി വ്യവസായം ലാഭകരമാക്കി മാറ്റുന്നതിനും ഖാദി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും സാധാരണ റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ്, (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പി ക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ, വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. 2021 ലെ ഓണ വില്പനയോടനുബന്ധിച്ച് ബോർഡിന്റെ തനതു ഉല്പന്നങ്ങളുടെ 5000 രൂപ വിലമതിക്കുന്ന ഓണക്കിറ്റ് റിബേറ്റിനു പുറമേ 10% ഡിസ്കൗണ്ടോടെ വിൽക്കുന്നതിനു നടപടി സ്വീകരിച്ചിരുന്നു. |
| (ബി) | ഖാദി വ്യവസായ മേഖലയിൽ കൂടുതൽ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതി ലേക്കായി 'ഖാദി ഗ്രാമം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. |
| (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എത്ര ഖാദി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2ഉൽപ്പാദന യൂണിറ്റുകളും (പള്ളിക്കുന്ന് നൂൽപ്പ് & നെയ്ത്ത് യൂണിറ്റ്) 2 വിപണന യൂണിറ്റുകളും (കെ.ജി.എസ് കൽപ്പറ്റ & ജി.എസ് പള്ളിക്കുന്ന്) പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | കോവിഡ് 19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 22 കോടി രൂപയിൽ നിന്നും വയനാട് ജില്ലയിൽ 1,06,000 രൂപ വിതരണം ചെയ്തു. കോവിഡ് ബാധിച്ച 2 തൊഴിലാളികൾക്ക് 2000 രൂപ വീതം അനുവദിച്ചു. ആയത് തുടർന്നും അനുവദിച്ച് വരുന്നു. കൂടാതെ ഈ ജില്ലയിൽ 51 ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം 51000 രൂപ അനുവദിച്ചു നൽകി. ഓണക്കാലത്ത് സർക്കാർ അനുവദിച്ച ഉൽസവബത്തയ്ക്ക് പുറമെ എല്ലാ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം അധികം നൽകി. കൂടാതെ ഖാദിയുടെ ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ വീതം രണ്ട് ഗഡുക്കളായി 51 ഖാദി തൊഴിലാളികൾക്കും നൽകി. |

സെക്ഷൻ ഓഫീസർ